# കടവൂരെന്താ സാക്ഷരതാ ക്ലാസ് നടത്തുകയോ?

ജെ.കെ.

## തോന്ന്യാക്ഷരം

പരിസ്ഥിതിവാദികൾക്ക് വിജ്ഞാന ദാരിദ്ര്യം ഉണ്ടെന്ന് പ്രസ്താവിച്ച ബഹു:മന്ത്രി കടവൂർ ശിവദാസൻ എന്താ വഞ്ചിക്കാരനാവുകയാണോ? പുഴയുടെ നടുക്കു വച്ച് വഞ്ചിക്കാരൻ മഹാ പണ്ഡിതനാവുകയും യാത്രക്കാരോട് ഓരോ ചോദ്യങ്ങൾ ചോദിച്ച് ജീവിതത്തിന്റെ നഷ്ടപ്പെടലുകളെ കുറിച്ച് മുന്നറിപ്പ് നൽകുകയും ചെയ്യുന്ന ഉപമ പോലെയാണ് പരിസ്ഥിതി സ്നേഹികളെ വികസന കഞ്ഞി കുടിപ്പിക്കാനുള്ള ശിവദാസന്റെ നീക്കം.ആഗോളവത്കരണത്തിന്റെ ഇക്കിളിപ്പെടുത്തലുകൾ വിവരസാങ്കേതിക വിദ്യയുടെ നേട്ടമായി എങ്ങനെ ഇത്രപ്പെട്ടന്ന് വിവരം വച്ചു? സ്വന്തം പാർട്ടിയുടെ ലഘുലേഖകളും നോട്ടീസുകളും ഒക്കെ വായിച്ചാൽ ഇത്ര പെട്ടെന്ന് സാക്ഷരനാവുമോ?

സ്വന്തമെന്ന പദത്തിനെന്തർത്ഥമെന്ന പോലെ കൂട്ടു വിട്ട് കൂട്ടു മാറി കസേരയുറപ്പിച്ച മന്ത്രി ഇത്രപെട്ടെന്ന് മഹാജ്ഞാനിയായി എന്നത് മഹാത്ഭുതം തന്നെ.മഹാഭാരതകഥകൾ പോലെ മഹാത്ഭുതങ്ങളും സംഭവിക്കുന്നുവെന്നത് നമ്മുടെയൊക്കെ ഭാഗ്യം തന്നെ.അതാണല്ലോ കെ.മുരളീധരന് കെ.പി.സി.സി പ്രസിഡണ്ടാവാനും പത്മജയ്ക്ക് ലീഡറാവാനും കഴിഞ്ഞത്. അബ്ദുൾ റഹിമാൻ സാഹിബും,പനമ്പിള്ളിയും,ആർ.ശങ്കറും ഇരുന്ന 'കസാര' പഴകിപോയതാണെങ്കിലും ഗാന്ധിയുടെയും സുഭാഷിന്റെയും ജവഹർലാലിന്റെയും തുടർച്ച ഇങ്ങനെ വന്നു ചേർന്നത് നമ്മുടെയൊക്കെ നല്ലക്കാലത്തിനല്ലാതെ പിന്നെയെന്തിന്? ആവഴിയിൽ സഞ്ചരിച്ചു കൊണ്ടാണല്ലോ കടവൂർ ശിവദാസൻ ഇത്ര ജ്ഞാനിയായത്.നല്ലൊരു ഗവേഷകനുമായത്.എന്തായാലും മന്ത്രി സാറിന് പറ്റിയത് ഗവേഷണം തന്നെ ഇത് വികസിപ്പിക്കണമെങ്കിൽ ഇവിടം തടസ്സം തന്നെ.വല്ല ചൊവ്വ പോലെ എത്രയോ ഗ്രഹങ്ങൾ വിസ്തൃതമായി കിടക്കുന്നു. എത്രയോ നക്ഷത്രബംഗ്ലാവുകൾ,അല്ല ഗ്രാസ് റൂട്ടാണെങ്കിൽ നമ്മുടെ പഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും ഇടവഴികളും കാനകളും തന്നെ ശരണം!

ഇതൊക്കെയാണെങ്കിലും അങ്ങൊരു വല്ലാത്ത 'സാക്ഷരൻ' തന്നെ.കാരണം മരം വെട്ടുന്നത് കൊണ്ട്,പുഴ വറ്റുന്നതുകൊണ്ട്, ചുവപ്പ് മഴ പെയ്യുന്നതുകൊണ്ട്,കിണർ താഴുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ലെന്ന് ഒരു ജോതിഷന്റെയും സഹായമില്ലാതെ കണ്ടെത്താനും പഠിക്കാനും കഴിഞ്ഞല്ലോ.അതായിരിക്കും ഭൂമി കുലുങ്ങിയിട്ടും അങ്ങയ്ക്ക് കുലുക്കമില്ലാത്തത്. വേണമെങ്കിൽ കേളൻ കുലുങ്ങിക്കോട്ടെ എന്നൊരു ഭാവം.അപാരം ഈ വിജ്ഞാന സമ്പത്ത്.

കടവൂർ എന്തായാലും കേരളത്തിന് പറ്റിയ മന്ത്രിപുംഗവൻ തന്നെ.ജനങ്ങൾ നിരക്ഷരരായതു കൊണ്ടാണല്ലോ പാടത്തു മണ്ണെടുക്കുന്നതിനെക്കാൾ നെൽകൃഷിയാണ് ലാഭം എന്ന് കണ്ടെത്തിയത്.പുഴയിൽ നിന്ന് മണലെടുക്കുന്നതിനേക്കാൾ പുഴ ഒഴുകുന്നതാണ് നല്ലതെന്ന് തിരിച്ചറിഞ്ഞത്.കാട്ടിലെ മരം തേവരുടെ ആന എന്ന സമവാക്യം തിരുത്തിയത്.വെയിൽകൊണ്ടുപൊള്ളുമ്പോൾ വിഷപ്പുക ശ്വസിക്കുമ്പോൾ,കുടിവെള്ളത്തിനായി മൈലുകൾ താണ്ടി സ്ത്രീകൾ കഷ്ടപ്പെടുമ്പോൾ എതോ മുജന്മ സുകൃതം പോലെ വന്നു വീഴുന്ന അങ്ങയുടെ വെളിപാടുകൾക്ക് സ്തുതി.

സിംഹവാലന്റെ വാലിനെക്കാൾ നല്ലത് കൈവശമുണ്ടന്നറിയാം. എന്തായാലും തട്ടേക്കാട്ടെ തൂവലും പൂയംകുട്ടിയുമൊന്നും സാറിന്റെ വിജ്ഞാന ത്രാസ്സിൽ എത്രയോ ചെറുത്.സ്വന്തം കുഞ്ഞിനോടും അയൽക്കാരനോടും ഉള്ള സ്നേഹം കൊണ്ട് പറഞ്ഞ് പോയതാണ്. അബദ്ധമായി എന്ന് തോന്നുന്നു.ഇപ്പോൾ ഞങ്ങൾ അറിയുന്നു.മന്ത്രിപ്പണി എത്ര വലുത്. നമുക്കൊന്നും സ്വപ്നം കാണാൻ കഴിയാത്ത സുഖശീതളസിംഹാസനത്തിന്റെ ആഴമെത്ര? സാറവിടെയിരുന്ന് വിജ്ഞാനസാഗരത്തിലേക്ക് ഒഴുക്കിവിടുന്ന 'ജ്ഞാന പഴങ്ങൾ' ഒരെണ്ണമെങ്കിലും എന്റെ കുട്ടിക്ക് കിട്ടിയിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നതിൽ തെറ്റുണ്ടെങ്കിൽ മാപ്പാക്കുക.കാരണം ഫ്രിഡ്ജും,ഗ്രൈൻഡറും,വാഷിങ്ങ്മെഷീനും,ടിവിയും, എ.സിയും,അയൺ ബോക്സും,മിക്സിയും, സ്റ്റൗവുമൊന്നുമില്ലാതെ മരത്തണലിൽ കഴിയുന്നവരാണ് ഞങ്ങൾ. ഈ ഇന്ത്യാ മഹാരാജ്യത്ത് 70കോടി വരും ഞങ്ങളുടെ സംഖ്യ.സാറിന് ഇതൊക്കെയൊരു തമാശ,അല്ല ഇതുണ്ടായിട്ടെന്ത് കാര്യം അല്ലേ? ജാഥ നയിക്കാൻ പ്രസംഗിക്കാൻ ഉത്തരവാദിത്വത്തോടെ വെയിൽ കൊള്ളുന്ന സന്ദർഭങ്ങളിൽ ശരീരത്തിന് മറ്റൊരു വഴിയുമില്ല സാർ.തണൽ മരങ്ങൾ ഞങ്ങൾക്ക് അഭയകേന്ദ്രങ്ങളാണ്.മന്ത്രി പുംഗവനായ അങ്ങിതു മനസ്സിലാക്കണം.സോഷ്യലിസം വരണമെങ്കിൽ ഭൂകമ്പമുണ്ടാകണം എന്നാണ് കോൺഗ്രസുകാരും കമ്മ്യൂണിസ്റ്റ്കാരും ദേശമംഗലത്ത് പറയുന്നത്.കാരണം കോടികൾ മുടക്കി പണിത കൊട്ടാരത്തിൽ കിടന്നുറങ്ങാനുള്ള നിർഭാഗ്യം അവർക്കില്ല.ടെന്റുകളിൽ പട്ടിണി പാവങ്ങളോടൊപ്പം എത്രയോ രാത്രികൾ ഉറക്കമിഴിച്ച് ഭൂമിയുടെ ഹൃദയതാളം ശ്രവിക്കുന്നു അവർ.ഇതൊക്കെ അറിയാവുന്ന സാർ ഒന്നു പറയണം.കടലുണ്ടി പാലം തകർന്നത് ജനങ്ങളുടെ അറിവില്ലായ്മ കൊണ്ടാണോ? അമ്പലമുകളിൽ കാർബൺപൊടി പടരുന്നത് കണ്ട് ജനങ്ങൾ പരിഭ്രാന്തരാവുന്നത്,അങ്ങയുടെ വിജ്ഞാന ഗവേഷണ അതോറിറ്റികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കായംകുളം താപനിലയം അടച്ച് പൂട്ടേണ്ടി വന്നത്,മാവൂർ ഗ്വാളിയർ റയോൺസ് കെട്ടു കെട്ടിയത്. കേരള സർക്കാരിന് മറ്റൊരു പത്രവും ആസൂത്രണവും സാധ്യമല്ലാതെ വന്നപ്പോൾ 'ധവളപത്ര'മിറക്കാം എന്ന് തീരുമാനിക്കേണ്ടി വന്നത്.ഇതെല്ലാം ജനങ്ങളുടെ നിരക്ഷരത തന്നെയാണോ?പറയണം സാർ?

പരിസ്ഥിതി സ്നേഹികൾ വികസനത്തിന് തടസ്സമെന്ന് വിലപിക്കുന്ന അങ്ങ് നമ്മുടെ വികസനം നടന്നത് മന്ത്രി മന്ദിരങ്ങളിലോ ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളിലോ നഗരപ്രമാണികളുടെ സുഖവാസ സ്ഥലങ്ങളിലോ എവിടെയാണ് സർ വികസനം നടന്നത് ? മഹാനുഭവജ്ഞൻ കടവൂർ, എന്താ ജനങ്ങളെ ഇനിയും സാക്ഷരാക്കുകയാണോ? അതു നല്ല പാർട്ടിയാപ്പീസിലും പോരെ ആശാനെ.സമയമുണ്ടോ ഇപ്പോ. അടുത്ത ഉദ്ഘാടനത്തിന് പോകണ്ടേ ഖജനാവിന് വിശക്കുന്നു.